നമ്പർ: സി.ജി. (2) 12001/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 22.05.2009.

## സർക്കുലർ നമ്പർ 22/2009

വിഷയം:- സഹകരണ വകുപ്പ് - സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾ എടുത്തിട്ടുള്ള വായ്പകൾ എഴുതി തള്ളുന്നത് - സംബന്ധിച്ച്.

സൂചന:- (1) സഹകരണ സംഘം രജിസ്ട്രാറുടെ 9/2009 നമ്പർ സർക്കുലർ.
(2) സഹകരണ സംഘം രജിസ്ട്രാറുടെ 17.04.2009 ലെ സി.ജി.(2) 12001/09 നമ്പർ കത്ത്.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾ എടുത്തിട്ടുള്ള എല്ലാത്തരം വായ്പകളും ധനകാര്യവകുപ്പിൽ നിന്നും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ ഈടാക്കേണ്ടതില്ലെന്നും, 2009 ഫെബ്രുവരി മാസത്തിലെ കുടിശ്ശിക നിവാരണം ശതശതമാനം പദ്ധതി പ്രകാരം ഈ വിഭാഗത്തിൽ നിന്ന് ഏതെങ്കിലും തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് സസ്പെൻസ് അക്കൗണ്ടിൽ വയ്ക്കുന്നതിനും സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടി ആനുകൂല്യം പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെടുന്ന അംഗങ്ങൾ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ളവായ്പകൾക്കും ബാധകമാക്കികൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന (2) ലെ നിർദ്ദേശത്തിന് അനുസൃതമായി തയ്യാറാക്കുന്ന പട്ടികയിൽ പ്രസ്തുത വിഭാഗത്തിലെ അംഗങ്ങളുടെ വായ്പകളെ സംബന്ധിച്ച വിവരങ്ങളുംകൂടി പ്രത്യേകം ഉൾപ്പെടുത്തുവാൻ നിർദ്ദേശിക്കുന്നു.

(ഒപ്പ്)
റാണി ജോർജ്ജ് ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:- മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ഓഡിറ്റ്) മാർക്കും,
ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/ ജില്ലാ സഹകരണ ബാങ്കുകൾ.
എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ഓഡിറ്റ്)മാർക്കും,
(ജോയിന്റ് രജിസ്ട്രാർ മുഖേന)
എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/അർബൻ ബാങ്കുകൾ/മറ്റ് കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ,
എഡിറ്റർ - സഹകരണ വീഥി/സഹകരണ ജേർണൽ (പ്രസിദ്ധീകരണത്തിന്)
ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും,
സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം,
ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)